പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2666 28-10-2026-ൽ മറുപടിയ്ക്ക്

ആതവനാട് മലയിൽഭാഗത്ത് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ മിഷന്റെ ഭാഗമായി കോട്ടക്കൽ നഗരസഭ, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാൽപ്പത് ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി ആതവനാട് പഞ്ചായത്തിലെ മലയിൽഭാഗത്ത് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

മറുപടി: ജൽ ജീവൻ മിഷന്റെ ഭാഗമായി ആതവനാട് പഞ്ചായത്തിലെ മലയിൽ ഭാഗത്ത് 40 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിരുന്നു. എന്നാൽ ആവശ്യമായ 60 സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായില്ല. പ്രവൃത്തിയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്ന്, സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പ്രവൃത്തി ഫോർക്ലോസ് ചെയ്തു.

(ബി) പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് ജലവിഭവ(സി) വകുപ്പിലുള്ള സി3/235/2025 നമ്പർ ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ഇല്ല

ജൽ ജീവൻ മിഷൻ പദ്ധതിക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിനായതിനാൽ, ഫണ്ട് ലഭ്യത ഉറപ്പാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണാനുമതി, അർത്ഥനപത്രം, സ്കെച്ച് തുടങ്ങിയ അനുബന്ധ രേഖകൾ തയ്യാറാക്കി നൽകേണ്ടതും ഗ്രാമപഞ്ചായത്താണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി ഇക്കാര്യത്തിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ WS-C3/235/2025-WRD നമ്പർ ഫയലിലെ

20.12.2025-തീയതിയിലെ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

മറുപടി: പ്രവൃത്തി നടപ്പിലാക്കുന്നതിന് ആതവനാട് പഞ്ചായത്തിലെ മലയിൽ ഭാഗത്ത് 60 സെൻറ് ഭൂമി ആതവനാട് പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഭൂമി ലഭ്യമാകുന്ന മുറക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാനാകൂ

സെക്ഷൻ ഓഫീസർ